

പാർലമെന്റിനെ
നോക്കുകുത്തിയാക്കുന്നു

# തൊഴിലാളികൾക്ക് ഒരു സ്വരം മതി - സഞ്ജീവ റെഡ്ഡി

തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് എല്ലാ ട്രേഡ് യൂണിയനുകളുടെയും സ്വരം ഒന്നായി മാറണമെന്ന് ഐ.എൻ.റ്റി.യു.സി. ദേശീയ പ്രസിഡന്റ് ഡോ. ജി. സഞ്ജീവ റെഡ്ഡി ആഹ്വാനം ചെയ്തു കിരാതമായ തൊഴിൽ നിയമങ്ങൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കേണ്ട ഘട്ടമാണിതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

തൊഴിലാളികളുടെ അവകാശവും ക്ഷേമവും സംരക്ഷിക്കണമെങ്കിൽ എല്ലാ യൂണിയനുകളും അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. ദേശീയ പ്രസിഡന്റ് ഡോ. ജി. സഞ്ജീവറെഡ്ഡി ആഹ്വാനം ചെയ്തു. തൊഴിലാളികൾക്ക് ഒരേയൊരു സ്വരം മതി. പത്ത് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത സമിതി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ സംസാരിക്കുകയായിരുന്നു. അദ്ദേഹം സാമ്പത്തികമായും മൂലമുള്ള ദേശീയ പ്രതിസന്ധിയും തൊഴിലില്ലായ്മയുടെ ആശങ്കപ്പെടുത്തുന്ന കണക്കുകളും അസമത്വത്തിന്റെ വളർച്ചയും ജനാധിപത്യം നേരിടുന്ന വെല്ലുവിളികളും ഇൻഡ്യയുടെ നട്ടെല്ലായ തൊഴിലാളി വർഗ്ഗത്തിനു നേരെയുള്ള കടന്നാക്രമണങ്ങളും അദ്ദേഹം പരാമർശിച്ചു. തൊഴിലാളികളുമായി ആലോചിക്കാതെയാണ് പുതിയ തൊഴിൽ നിയമനങ്ങൾ അടിച്ചേല്പിക്കാൻ പോകുന്നത്.

**പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ദുരുപയോഗിച്ച് പുതിയ തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നപ്പോൾ ട്രേഡ് യൂണിയനുകൾ ദുർബലമായി, കൂട്ടായ വിലപേശലിനുള്ള അവസരം നഷ്ടപ്പെട്ടു. സമരം ചെയ്യാനുള്ള അവകാശത്തിനും നിയന്ത്രണങ്ങളുണ്ടായി. എഴുപത് ശതമാനത്തോളം സ്ഥാപനങ്ങൾ തൊഴിൽ നിയമങ്ങളുടെ പിടിയിൽ നിന്നും വഴുതിപ്പോയി.**

പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ദുരുപയോഗിച്ച് പുതിയ തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നപ്പോൾ ട്രേഡ് യൂണിയനുകൾ ദുർബലമായി, കൂട്ടായ വിലപേശലിനുള്ള അവസരം നഷ്ടപ്പെട്ടു. സമരം ചെയ്യാനുള്ള അവകാശത്തിനും നിയന്ത്രണങ്ങളുണ്ടായി. എഴുപത് ശതമാനത്തോളം സ്ഥാപനങ്ങൾ തൊഴിൽ നിയമങ്ങളുടെ പിടിയിൽ നിന്നും വഴുതിപ്പോയി. വലിയ വിഭാഗം തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഇല്ലാതായി. തൊഴിൽ സംരക്ഷണവും അവതാളത്തിലായി.

ദേശീയ കൺവെൻഷൻ പുതിയ തൊഴിൽ നിയമങ്ങളെ ഐകകണ്ഠേന തള്ളി. തൊഴിലുറപ്പ് പദ്ധതിയെ പഴയതുപോലെ നിലനിർത്തണമെന്ന് കൺവെൻഷൻ തൊഴിലാളികളോടും കർഷകരോടും യുവജനങ്ങളോടും വിദ്യാർത്ഥികളോടും എല്ലാ ജനാധിപത്യ ശക്തികളോടും ആഹ്വാനം ചെയ്തു.

എല്ലാ ഗ്രാമീണ വനിതകൾക്കും 100 ദിവസത്തെ വേതനം ഉറപ്പാക്കുന്ന ദേശീയ തൊഴിലുറപ്പു പദ്ധതി വെള്ളം ചേർക്കാതെ പുന:സ്ഥാപി ക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു. യു.പി.എ ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും ഫലപ്രദമായ തൊഴിലുറപ്പു പദ്ധതി വെള്ളം ചേർക്കാതെപുനസ്ഥാപിക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു. യു.പി.എ ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും ഫലപ്രദമായ തൊഴിലുറപ്പ് പദ്ധതി ഗ്രാമങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വലിയ പങ്ക് വഹിച്ചതായി കൺവെൻഷൻ ചൂണ്ടിക്കാട്ടി.

